# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം. 2622

14.2.2013-ലെ മറുപടിക്ക്

## കറുവപ്പട്ടയ്ക്കുപകരം കാസിയ മരത്തിന്റെ തോൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. പി. തിലോത്തമൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് കറികളിൽ രുചി വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും ഔഷധ ആവശ്യങ്ങൾക്കുവേണ്ടിയും ഉപയോഗിക്കുന്ന കറുവപ്പട്ടയ്ക്കു പകരം 'കാസിയ' എന്ന മരത്തിന്റെ തോല് വ്യാപകമായി ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത 'കാസിയ' മരത്തിന്റെ തൊലിയിൽ മാരകമായ രോഗങ്ങളുണ്ടാക്കുന്ന, പ്രത്യേകിച്ച് കുട്ടികളിൽ മരണംവരെ സംഭവിക്കാവുന്നതുമായ വിഷാംശം അടങ്ങിയിരിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ കറുവപ്പട്ടയ്ക്കും കാസിയയ്ക്കും വെവ്വേറെ ഗുണനിലവാരം നിശ്ചയിച്ചിട്ടുള്ളതിനാൽ കാസിയ വിൽപ്പന നിയമപരമായി നിലവിൽ തടയുവാൻ സാധ്യമല്ല. കാസിയയുടെ ഉപയോഗം മൂലം രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട് എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത മരത്തിന്റെ തോല് ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുമതി നൽകിയിട്ടുണ്ടോ ; | ബി) | കേന്ദ്ര സർക്കാരാണ് ഭക്ഷ്യോല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് അനുമതി നൽകേണ്ടത് |
| സി) | ഈ തോലിന്റെ വിപണനം, ഉപയോഗം എന്നിവ തടയാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ | സി) | ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ കറുവപ്പട്ടയ്ക്കും കാസിയയ്ക്കും വെവ്വേറെ ഗുണനിലവാരം നിശ്ചയിച്ചിട്ടുള്ളതിനാൽ കാസിയ വിൽപ്പന നിയമപരമായി നിലവിൽ തടയുവാൻ സാധ്യമല്ല. |

സെക്ഷൻ ഓഫീസർ